# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

08.12.2015 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2293

## സാഗര സഹകരണ ആശുപത്രിയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി.സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കേപ്പിന്റെ കീഴിൽ ആലപ്പുഴ പുന്നപ്രയിൽ പ്രവർത്തിക്കുന്ന സാഗര ആശുപത്രിയിൽ സർക്കാരിന്റെ വിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി എന്തൊക്കെ വികസന പ്രവർത്തനങ്ങൾക്കാണ് സഹകരണ വകുപ്പ് ശുപാർശ നൽകിയിട്ടുള്ളത്; ഇതിൽ ഏതൊക്കെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കി; നടപ്പാക്കാത്തവ ഏതെല്ലാം; വിശദമാക്കാമോ; | (എ) പുന്നപ്ര സാഗര ആശുപത്രിയെ സർക്കാരിന്റെ 'വിഷൻ 676' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) സാഗര ആശുപത്രിയിൽ മരുന്നും മറ്റു സർജിക്കൽ ഉപകരണങ്ങളും എവിടെ നിന്നാണ് വാങ്ങിയിരുന്നത്; ഇപ്പോൾ ഇവ വാങ്ങുന്നതിന് സ്വകാര്യസ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സ്വകാര്യ സ്ഥാപനം ഏതാണ്; കേരള മെഡിക്കൽ കോർപ്പറേഷനെ ഒഴിവാക്കാനുള്ള കാരണമെന്ത്; വ്യക്തമാക്കാമോ; | (ബി) സാഗര ആശുപത്രിയിൽ മരുന്നുകളും മറ്റ് സർജിക്കൽ ഉപകരണങ്ങളും കൺസ്യൂമർഫെഡിൽ നിന്നാണ് വാങ്ങിയിരുന്നത്. ഇപ്പോൾ ഇവ വാങ്ങുന്നതിനായി സ്വകാര്യ സ്ഥാപനങ്ങളുമായി കരാറുകളിലൊന്നും ഏർപ്പെട്ടിട്ടില്ല. കേരള മെഡിക്കൽ കോർപ്പറേഷനിൽ നിന്നും മരുന്നോ മറ്റ് ഉപകരണങ്ങളോ വാങ്ങാൻ കരാറിൽ ഏർപ്പെട്ടിട്ടില്ല. അതുകൊണ്ട് അവരെ ഒഴിവാക്കിയിട്ടുമില്ല. |

| | |
|---|---|
| (സി) സാഗര ആശുപത്രിയിലെ ഹൃദയ ശസ്ത്രക്രിയാ വിഭാഗം പ്രവർത്തിപ്പിക്കുന്നതിന് ഏതെങ്കിലും സ്ഥാപനവുമായോ/ വ്യക്തികളുമായോ ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ; ഇത്തരത്തിൽ തീരുമാനമെടുക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; ഹൃദയ ശസ്ത്രക്രിയാ വിഭാഗത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ? | (സി) സാഗര സഹകരണ ആശുപത്രിയിലെ കാർഡിയോളജി വിഭാഗത്തിലെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി തദ്ദേശവാസികൾക്ക് മിതമായ നിരക്കിൽ ചികിത്സ ലഭ്യമാക്കുന്നതിനായി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്ററിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് കേപ്പുമായി പ്രസ്തുത ആശുപത്രി ധാരണയുണ്ടാക്കിയിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് മാധ്യമങ്ങളിൽ തെറ്റിദ്ധാരണാജനകമായ വാർത്തകൾ വന്ന സാഹചര്യത്തിൽ ടി ആശുപത്രി ഈ ധാരണയിൽ നിന്നും പിൻമാറുകയുണ്ടായി. ഹൃദയ ശസ്ത്രക്രിയാ വിഭാഗത്തിൽ വിദഗ്ധരായ ഡോക്ടർമാരുടെ ലഭ്യതക്കുറവുമൂലമാണ് പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത്. |

സെക്ഷൻ ഓഫീസർ